


സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# “ പൊന്നുംവില - പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് - ഭൂമി ഏറ്റെടുക്കൽ പദ്ധതി”

## സമഗ്രറിപ്പോർട്ട്

എസ്.ഐ.എ. സ്റ്റഡി യൂണിറ്റ്
ഐ.ആർ.ഡി (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)
തിരുവനന്തപുരം

21-03-2022

## ഉള്ളടക്കം

**അദ്ധ്യായം - 1 സംഗ്രഹം**

1.1. ആമുഖം

1.2. സ്ഥാനം

1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4. ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

**അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3. പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4. പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6. അനുബന്ധഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

2.7. തൊഴിലാളികളുടെ ആവശ്യകത

2.8. മുൻപ് നടത്തിയ പഠനങ്ങൾ

2.9. സംയുക്തമായ നയങ്ങളും നിയമങ്ങളും

**അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം**

3.1. പശ്ചാത്തലം

3.2. സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3. എസ്.ഐ.എ. സ്റ്റഡി ടീം

3.4. ദ്വിതീയ വിവരശേഖരണം.

3.5. പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും

3.6. സാമൂഹ്യസാമ്പത്തിക സ്ഥിതിവിവരശേഖരണം

3.7. സ്ഥിതിവിവരക്രോഡീകരണവും പരിശോധനയും

3.8. സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

**അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ**

4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി
4.4. പൊതു സ്ഥലത്തിന്റെ ഉപയോഗം
4.5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി
4.6. ഏറ്റെടുക്കേണ്ടഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ
4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

**അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും**

5.1. ആമുഖം
5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നവർ
5.3. പരോക്ഷമായി ബാധിക്കപ്പെടുന്നവർ
5.4. ബാധിത കുടുംബങ്ങൾ
5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും.

**അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം**

**അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി**

7.1. ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും
7.2. വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം
7.3. ആഘാത ബാധിതരുടെ തരം
7.4. പൊതുജനങ്ങളുടെ ആശങ്കകൾ
7.5. സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ
7.6. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ
7.7. വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

**അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ**

**അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി**

**അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി നിരീക്ഷണവും അവലോകനവും**

**അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും**

11.1. പ്രധാന കണ്ടെത്തലുകൾ
11.2 എസ്.ഐ.എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

# അദ്ധ്യായം - 1

## സംഗ്രഹം

## "പൊന്നുംവില - പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് - ഭൂമി ഏറ്റെടുക്കൽ പദ്ധതി"

### 1.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ പഴയകട ജംഗ്ഷനിൽ നിന്നും തുടങ്ങി പഴയകട, കാലുംമുഖം, മണ്ണക്കൽ എന്നീ 3 വാർഡുകളിലായി ഉൾപ്പെട്ട പ്രദേശമാണ് പാഞ്ചിക്കാട്ടുകടവ് റോഡ്. തിരുപുറം വില്ലേജിൽ ബ്ലോക്ക് 20ൽ പെട്ടതും സർവ്വേ നമ്പർ 203, 204, 205, 206, 226 എന്നിവയിൽ ഉൾപ്പെട്ട് 26 ആർ സ്ഥലമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടി വരുന്നത്. (നെയ്യാറ്റിൻകര പൂവാർ റോഡിൽ പഴയകട ജംഗ്ഷനുമുമ്പ് ഇടതുവശത്ത് ഹിന്ദുസ്ഥാൻ ഫോട്ടോസ് & വീഡിയോസ്ന് മുൻവശം സ്റ്റോൺ നമ്പർ 1, മഹേശ്വരം ശ്രീപാർവ്വതി ക്ഷേത്രം സൈൻബോർഡും വലതുവശം അപ്പൂസ്റ്റോർ സ്റ്റോൺ 1, ചാത്തിനാർ ക്ഷേത്രത്തിന്റെ ആർച്ച് എന്നിവിടങ്ങളിൽ നിന്നുമാണ് പാഞ്ചിക്കാട്ട്കടവ് റോഡ് തുടങ്ങുന്നത്. പാഞ്ചിക്കാട്ട്കടവ് റോഡിലൂടെ ഏകദേശം അരകിലോമീറ്റർ പോകുമ്പോൾ പാഞ്ചിക്കാട്ട് കടവ് പാലത്തിൽ എത്തുന്നതിനു മുമ്പ് ഇടതുവശം കൃഷ്ണകുമാരിയുടെ തുറസ്സായസ്ഥലവും വലതുവശം പാഞ്ചിക്കാട്ട്കടവ് മാവിളക്കടവ് റോഡിന്റെ നിർമ്മാണോത്ഘാടനം ശിലാഫലകവും (അനിൽകുമാറിന്റെ വീട്)മാണ്. ഈ റോഡിന് ഇരുവശവുമുള്ള സ്ഥലമാണ് പാഞ്ചിക്കാട്ട്കടവ് പാലവും അപ്രോച്ച്റോഡ് വികസനത്തിനുവേണ്ടി പൊന്നുംവിലക്ക് ഏറ്റെടുക്കേണ്ടതായി വരുന്നത്.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര ബസ്റ്റ് സ്റ്റാന്റിൽ നിന്നും നെയ്യാറ്റിൻകര-പൂവാർ റോഡിൽ 5 കിലോമീറ്റർ മാറി പഴയകട ജംഗ്ഷൻ സ്ഥിതി ചെയ്യുന്നു. ജംഗ്ഷൻ എത്തുന്നതിനുമുമ്പായി ഇടതുഭാഗത്തുനിന്നും ആരംഭിക്കുന്നതാണ് പദ്ധതി പ്രദേശമായ പാഞ്ചിക്കാട്ട്കടവ് റോഡ്. തിരുപുറം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതും കാലുമുഖം (4), പഴയകട (5), മണ്ണക്കൽ (6) എന്നീ മൂന്ന് വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പാഞ്ചിക്കാട്ട്കടവ് പാലവും അപ്രോച്ച്റോഡും. പ്രസ്തുത റോഡ് ചെന്നുചേരുന്ന

ജംഗ്ഷനിലാണ് പാഞ്ചിക്കാട്ട്കടവ് പാലം സ്ഥിതിചെയ്യുന്നത്. പാഞ്ചിക്കാട്ട്കടവ് പാലത്തിൽ നിന്നും രണ്ടായി വിഭജിക്കുന്ന റോഡിൽ ഒന്ന് തൊട്ടടുത്ത ഗ്രാമപ ഞ്ചായത്തായ ചെങ്കൽവഴി കളിയിക്കാവിള ഭാഗത്തേക്കും മറ്റൊന്ന് മാവിളക്കടവ് ഭാഗത്തേക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന യാത്രാമാർഗ്ഗമാണ്.

തിരുവനന്തപുരം ജില്ലയിൽ തീരപ്രദേശമായ പൂവാർ ജംഗ്ഷനിൽ നിന്നും 5 കി. മി. അകലത്തിലും സമീപപ്രദേശമായ കാഞ്ഞിരംകുളം ജംഗ്ഷനിൽ നിന്നും 3 കി. മി. അകലത്തിലുമാണ് പഴയകട ജംഗ്ഷൻ സ്ഥിതി ചെയ്യുന്നത്. തിരുവനന്ത പുരത്ത് നിന്നും വിഴിഞ്ഞം ഭാഗത്തുള്ളവർക്കും പൂവാർ-നെയ്യാറ്റിൻകര പ്രദേശവാ സികൾക്കും മാവിളക്കടവ്, കളിയിക്കാവിള-കന്യാകുമാരി എന്നീ ഭാഗങ്ങളിൽ എത്തിച്ചേരുന്നതിന് യാത്രാസമയം, ദൂരം, ഈന്ധനം എന്നിവ ലാഭിക്കാൻകഴി യുന്നതും എളുപ്പത്തിൽ എത്തിച്ചേരാവുന്ന യാത്രാമാർഗ്ഗമാണ് പാഞ്ചിക്കാട്ട്കടവ് റോഡ്.

ഏഷ്യയിലെ ഏറ്റവുംവലിയ പ്രതിഷ്ഠയായ ശിവലിംഗ (111 അടി ഉയരം) ക്ഷേത്രം സ്ഥിതിചെയ്യുന്നത് പാഞ്ചിക്കാട്ട്കടവ് പാലത്തിൽ നിന്നും കഷ്ടിച്ച് ഒന്നര കിലോമീറ്റർ ദൂരം മാത്രം ഉള്ള ചെങ്കൽ ഗ്രാമപഞ്ചായത്തിലാണ്. പ്രസ്തുത ശിവ ക്ഷേത്രം സന്ദർശിക്കാനെത്തുന്ന തീർത്ഥാടകർ, വിനോദസഞ്ചാരികൾ എന്നിവർ നിലവിലുള്ള പാഞ്ചിക്കാട്ട്കടവിലെ റോഡിന്റെ വീതി കുറവായതിനാൽ ശിവക്ഷേ ത്രത്തിലേക്ക് പോകുന്ന തീർത്ഥാടകരുടെയും വിനോദസഞ്ചാരികളുടെയും ബാഹുല്യം കാരണം ഈ റോഡിൽ വളരെയധികം തിക്കുംതിരക്കും അനുഭവപ്പെ ടുകയും യാത്ര തടസ്സപ്പെടുകയും അതോടൊപ്പം അപകട സാദ്ധ്യത വളരെ കൂടു തലുമാണെന്ന് മനസ്സിലാക്കുന്നു. ഈ ക്ഷേത്രം സന്ദർശിക്കുന്നവർ ചെങ്കൽനിന്നും പാഞ്ചിക്കാട്ട്കടവ് അപ്രോച്ച് റോഡ്വഴി പഴയകട-കാഞ്ഞിരംകുളം ഭാഗത്ത് എളു പ്പത്തിൽ എത്തിച്ചേരുകയും വിഴിഞ്ഞത്തിനു സമീപമുള്ള ആഴിമല ശിവക്ഷേത്രം സന്ദർശിക്കുകയും അതോടൊപ്പം മറ്റ് തീർത്ഥാടകരും വിനോദ സഞ്ചാരികളും ആഴിമല ശിവക്ഷേത്രം സന്ദർശിച്ചതിനുശേഷം ചെങ്കൽ വഴി കന്യാകുമാരിയി ലേക്കും എളുപ്പമാർഗ്ഗമായി പാഞ്ചിക്കാട്ട്കടവ് അപ്രോച്ച് റോഡാണ് ഉപയോഗിക്കു ന്നത്. ആയതിനാൽ ഈ തിക്കുംതിരക്കും കുറയ്ക്കുന്നതിന് പാഞ്ചിക്കാട്ട്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് വളരെ അനിവാര്യമാണ്. ഈ പ്രദേശത്തിന്റെ ആകെ പുരഗതിക്കും വികസനത്തിനും പ്രസ്തുത അപ്റോച്ച് റോഡ് അത്യന്താ പേക്ഷിതമാണ്.

### 1.2. സ്ഥാനം:

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ പഴയകട ജംഗ്ഷനിൽ നിന്നും തുടങ്ങി പഴയകട, കാലുംമുഖം, മണ്ണക്കൽ എന്നീ 3 വാർഡുകളിലായി ഉൾപ്പെട്ട പ്രദേശമാണ് പാഞ്ചിക്കാട്ട്കടവ് പാലവപം അപ്രോച്ച്റോഡും. പഴയകട നിന്നും പാഞ്ചിക്കാട്ട്കടവ് റോഡിലൂടെ ഏകദേശം അരകിലോമീറ്റർ പോകുമ്പോൾ പാഞ്ചിക്കാട്ട്കടവ് പാലത്തിൽ എത്തിച്ചേരുന്നതാണ് പാഞ്ചിക്കാട്ട്കടവ് റോഡ്. ഈ റോഡിന് ഇരുവശവുമുള്ള സ്ഥലമാണ് പാഞ്ചിക്കാട്ട്കടവ്പാലവും അപ്രോച്ച്റോഡ് വികസനത്തിനുവേണ്ടി പൊന്നുംവിലക്ക് ഏറ്റെടുക്കേണ്ടതായി വരുന്നത്.

### 1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി:

പാഞ്ചിക്കാട്ട് കടവ് പാലവും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തുരുപുറം വില്ലേജിൽ ബ്ലോക്ക് 20 ൽ സർവ്വേ നമ്പർ 203/7, 203/21, 203/22, 203/30, 203/31, 203/32, 203/33, 203/34, 203/35, 203/36, 204/12, 204/13, 204/28, 204/30, 204/31, 205/2, 205/11, 206/2, 205/3, 205/4, 205/21, 205/22, 206/26, 206/27, 206/28, 206/43, 206/51, 226/2, 226/12, 226/13 എന്നീ സർവ്വേ നമ്പരുകളിലും സബ്ഡിവിഷൻ നമ്പരുകളിലും ഉൾപ്പെട്ട വസ്തുക്കളിൽനിന്നും ആകെ 26 ആർ പുരയിടമാണ് നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ഏറ്റെടുക്കേണ്ട വസ്തുക്കൾ എല്ലാം തന്നെ സ്വകാര്യവ്യക്തികളുടെതാണ്.

### 1.4. ബദൽ സാധ്യതകൾ:

പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് - ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ പഴയകട ജംഗ്ഷനിൽനിന്നും റോഡ് തുടങ്ങുന്ന ഭാഗത്ത് 12 വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ 5 എണ്ണം പൂർണ്ണമായും 7 എണ്ണം ഭാഗികമായും പൊളിച്ചുമാറ്റേണ്ടിവരുന്നു. ഒരു വെൽഡിംഗ് ഷോപ്പ്, ഫർണിച്ചർ ഷോപ്പ് എന്നിവ ഭാഗികമായി പൊളിച്ചുമാറ്റേണ്ടിവരുന്നു. കൂടാതെ ഇരുവശവുമുള്ള വീടുകളുടെ മുൻവശത്തുള്ള മതിൽ, ഗേറ്റ് എന്നിവ

പൊളിച്ചുമാറ്റേണ്ടി വരുന്നു. ഒരു വീടിന്റെ മുൻവശം മറ്റൊരു വീടിന്റെ ഒരു ഭാഗം എന്നിവയും രുണ്ടുപേരുടെ കിണർ പൂർണ്ണയും നഷ്ടപ്പെടുകുയും അതിലൊരാൾക്ക് പുതിയ കിണർ കുഴിക്കുന്നതിന് സ്ഥലമില്ലാത്തതുമാകുന്നു, കുളിമുറി, സെപ്റ്റിക് ടാങ്ക്, വാട്ടർ ടാങ്ക് എന്നിവയും നഷ്ടമാകും. മുൻവശം പൊളിച്ചുമാറ്റേണ്ടിവരുന്നവീട്ടിൽ താമസിക്കുന്ന ഗൃഹനാഥൻ ഹൃദ്രോഗിയും, ഭാര്യ പക്ഷാഘാത ബാധിതയുമാണ്. ഇവരുടെ പുനരധിവാസത്തിനായി സർക്കാരിന്റെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പുനരധിവാസം നടത്തുന്നത് നല്ലതായിരിക്കും. വിവിധ വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പദ്ധതി നടപ്പാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുകയും തൊഴിൽപ്രശ്നം ദുഷ്ക്കരമാവുകയും ചെയ്യുന്നു. ഇവരുടെ പുനരധിവാസത്തനായി സർക്കാരിന്റെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പുനരധിവാസം നടത്തുന്നത് നല്ലതായിരിക്കു. ഇപ്പോൾ ഉപയോഗിച്ചുവരുന്ന പാഞ്ചിക്കാട്ടുകടവു റോഡ് വളരെയധികം വീതി കുറഞ്ഞതും തിരക്കേറിയതുമാണ്. പ്രസ്തുത റോഡിൽനിന്നും എളുപ്പമാർഗ്ഗത്തിൽ ചെങ്കൽവഴി കളിയിക്കാവിള ഭാഗത്തേക്കും മാവിളക്കടവു ഭാഗത്തേക്കും, കാഞ്ഞിരംകുളം-വിഴിഞ്ഞം ഭാഗത്തേക്കും എത്തിച്ചേരുന്നതിന് എളുപ്പമാർഗ്ഗമായി ഉപയോഗിക്കുന്ന റോഡാണിത്. അതിനാൽതന്നെ വളരെയധികം ഗതാഗത തടസ്സവും അപകടസാദ്ധ്യതയും ഉള്ള റോഡാണ് പാഞ്ചിക്കാട്ട്കടവ് റോഡ് എന്ന് **എസ്.ഐ.എ. സ്റ്റഡിടീം** മനസ്സിലാക്കുന്നു. ഭൂരിഭാഗം വീടുകളുടെയും മുൻവശത്തെ ഗേറ്റ്, മതിൽ എന്നിവ നഷ്ടപ്പെടുന്നു എന്നുള്ളത് **എസ്.ഐ.എ. സ്റ്റഡിടീം** വിശദമായി ചർച്ചചെയ്ത് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ:

സാമൂഹ്യപ്രത്യാഘാത നിർണ്ണയ പഠനത്തിന്റെ പ്രധാന ചുമതല എന്നത് പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് വളരെ കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി സാമൂഹ്യപ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുവാനും, അവ നടപ്പിലാക്കുവാനും ഈ പഠനം വളരെ പ്രയോജനപ്രദമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ മൂലം 5 സർവ്വേ നമ്പരിൽപ്പെട്ട 41

വ്യക്തികളെയും നേരിട്ട് ബാധിക്കുന്നു. 2 കുടുംബങ്ങളുടെ വാസസ്ഥലം ഭാഗികമായും 2 കുടുംബങ്ങളുടെ കിണർ, ഒരാളുടെ സെപ്റ്റിക് ടാങ്കും, മറ്റൊരാളുടെ വാട്ടർ ടാങ്ക്, കുളിമുറി, എന്നിവയും നഷ്ടപ്പെടുന്നു. കൂടാതെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയുടെ ചുറ്റുമതിലിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ചാത്തിനാർ ദുർഗ്ഗാദേവീക്ഷേത്രത്തിന്റെ കാണിക്കവഞ്ചി (മണികണ്ഠൻ നായർ .കെ, (പൂവൻ വീട്, പഴയകട, തിരുപുറം പി. ഒ, സർവ്വേ നമ്പർ 206/51) നഷ്ടപ്പെടുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധത്തിലുമുള്ള പ്രത്യാഘാതങ്ങളും എസ്. ഐ. എ. എസ്. യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

## 1.6. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ:

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണനിർദ്ദേശങ്ങൾ കൂടി എസ്.ഐ.എ.സ്റ്റഡി യൂണിറ്റ് പഠന വിധേയമാക്കിയിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹ്യപ്രത്യാഘാതങ്ങളെ, പ്രത്യാഘാതത്തിന്റെ തരം, സ്ഥിതി വിവരം, ലഘൂകരണ മാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 41 ഭൂവുടമകളുടെ ഭൂമി പ്രത്യക്ഷമായി ബാധിക്കപ്പെടുന്നു. | 2013-ലെ ഭൂമി ഏറ്റെടുക്കൽന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമായിഅവകാശനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2. | ഉത്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുന്നു. | തെങ്ങുകൾ 149 വലുതും 5 ചെറുതും, 5 അടക്കാമരം, 6 ചീലാന്തി മരങ്ങളും നഷ്ടപ്പെടുന്നു. | |

| | | | |
|---|---|---|---|
| 3. | പൊതു ഉപയോഗ മുതൽ നഷ്ടപ്പെടുന്നത് | വൈദ്യുതി പോസ്റ്റുകൾ, ജലവിതരണം, ജലസ്രോതസ്സുകൾ, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേണ്ടതാണ്. |
| 4. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത്. | ചാത്തിനാർ ദുർഗ്ഗാദേവീ ക്ഷേത്രത്തിന്റെ കാണിക്ക വഞ്ചി നഷ്ടപ്പെടുന്നു. | ഉടമസ്ഥനുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |
| 5 | വാണിജ്യ, തൊഴിൽ സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നത് | ഹിന്ദുസ്ഥാൻ ഫോട്ടോസ് ആന്റ് സ്റ്റുഡിയോസ് (ഭാഗികമായി), ചിക്കൻസ്റ്റാൾ, വൈശാഖ് ബേക്കറി (പൂർണ്ണമായി), പെയിന്റ് കട (പൂർണ്ണമായി). എൻ. എസ്. എസ്. കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള ജഗദം സ്റ്റോർ (പൂർണ്ണമായി), ബിന്ദു ഹോട്ടൽ(ഭാഗികമായി), തയ്യൽക്കട (പൂർണ്ണമായി), കാത്തു സ്റ്റോർ (ഭാഗികമായി), അപ്പു സ്റ്റോർ (ഭാഗികമായി), ഒരു വെൽഡിംഗ് ഷോപ്പ് (നാഷണൽ എൻജിനിയറിംഗ് വർക്ക്സ്), ഫർണിച്ചർ ഷോപ്പ് (ചാത്തിനാർ ഫർണിച്ചർമാർട്ട്) എന്നിവ (ഭാഗികമായി) നാരയണ സ്റ്റോർ (പൂർണ്ണമായി) | ഉടമസ്ഥരുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |

# അദ്ധ്യായം - 2

## വിശദമായ പദ്ധതി വിവരണം

### 2.1. പദ്ധതിയുടെ പശ്ചാത്തലം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ പഴയകട ജംഗ്ഷനിൽ നിന്നും തുടങ്ങി പഴയകട, കാലുംമുഖം, മണ്ണക്കൽ എന്നീ 3 വാർഡുകളിലായി ഉൾപ്പെട്ട പ്രദേശമാണ് പാഞ്ചിക്കാട്ടുകടവ് റോഡ്. തിരുപുറം വില്ലേജിൽ ബ്ലോക്ക് 20ൽ പെട്ടതും സർവ്വേ നമ്പർ 203, 204, 205, 206, 226 എന്നിവയിൽ ഉൾപ്പെട്ട് 26 ആർ സ്ഥലമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടി വരുന്നത്.  പഴയകട നിന്നും പാഞ്ചിക്കാട് റോഡിലൂടെ ഏകദേശം അരകിലോമീറ്റർ പോകുമ്പോൾ പാഞ്ചിക്കാട്ട് കടവ് പാലത്തിൽ എത്തിച്ചേരുന്നതാണ് പാഞ്ചിക്കാട് റോഡ്.  ഈ റോഡിന് ഇരുവശവുമുള്ള സ്ഥലമാണ് പാഞ്ചിക്കാട് റോഡ് വികസനത്തിനുവേണ്ടി പൊന്നുംവിലക്ക് ഏറ്റെടുക്കേണ്ടതായി വരുന്നത്.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര ബസ്റ്റ് സ്റ്റാന്റിൽ നിന്നും നെയ്യാറ്റിൻകര-പൂവാർ റോഡിൽ 5 കിലോമീറ്റർ മാറി പഴയകട ജംഗ്ഷൻ സ്ഥിതി ചെയ്യുന്നു.  ജംഗ്ഷൻ എത്തുന്നതിനുമുമ്പായി ഇടതുഭാഗത്തുനിന്നും ആരംഭിക്കുന്നതാണ് പദ്ധതി പ്രദേശമായ പാഞ്ചിക്കാട്ട്കടവ് റോഡ്. തിരുപുറം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതും കാലുമുഖം (4), പഴയകട (5), മണ്ണക്കൽ (6) എന്നീ മൂന്ന് വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പാഞ്ചിക്കാട്ട്കടവ് റോഡ്.  പ്രസ്തുത റോഡ് ചെന്നുചേരുന്ന ജംഗ്ഷനിലാണ് പാഞ്ചിക്കാട്ട് കടവ് പാലം സ്ഥിതിചെയ്യുന്നത്. പാഞ്ചിക്കാട്ട്കടവ് പാലത്തിൽ നിന്നും രണ്ടായി വിഭജിക്കുന്ന റോഡിൽ ഒന്ന് തൊട്ടടുത്ത ഗ്രാമപഞ്ചായത്തായ ചെങ്കൽവഴി കളിയിക്കാവിള ഭാഗത്തേക്കും മറ്റൊന്ന് മാവിളക്കടവ് ഭാഗത്തേക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന യാത്രാമാർഗ്ഗമാണ്.

തിരുവനന്തപുരം ജില്ലയിൽ തീരപ്രദേശമായ പൂവാർ ജംഗ്ഷനിൽ നിന്നും 5 കി. മി. അകലത്തിലും സമീപപ്രദേശമായ കാഞ്ഞിരംകുളം ജംഗ്ഷനിൽ നിന്നും 3 കി. മി. അകലത്തിലുമാണ് പഴയകട ജംഗ്ഷൻ സ്ഥിതി ചെയ്യുന്നത്. തിരുവനന്ത

പുരത്ത് നിന്നും വിഴിഞ്ഞം ഭാഗത്തുള്ളവർക്കും പൂവാർ-നെയ്യാറ്റിൻകര പ്രദേശവാസികൾക്കും മാവിളക്കടവ്, കളിയിക്കാവിള-കന്യാകുമാരി എന്നീ ഭാഗങ്ങളിൽ എത്തിച്ചേരുന്നതിന് യാത്രാസമയം, ദൂരം, ഈന്ധനം എന്നിവ ലാഭിക്കാൻകഴിയുന്നതും എളുപ്പത്തിൽ എത്തിച്ചേരാവുന്ന യാത്രാമാർഗ്ഗമാണ് പാഞ്ചിക്കാട് റോഡ്.

ഇന്ത്യയിലെ ഏറ്റവുംവലിയ പ്രതിഷ്ഠയായ ശിവലിംഗ (111 അടി ഉയരം) ക്ഷേത്രം സ്ഥിതിചെയ്യുന്നത് പാഞ്ചിക്കാട്ട്കടവ് പാലത്തിൽ നിന്നും കഷ്ടിച്ച് ഒന്നര കിലോമീറ്റർ ദൂരം മാത്രം ഉള്ള ചെങ്കൽ ഗ്രാമപഞ്ചായത്തിലാണ്. ഈ ക്ഷേത്രത്തിൽ ധാരാളം തിർത്ഥാടകരും വിനോദസഞ്ചാരികളും എത്തിച്ചേരുന്നു. ഈ ക്ഷേത്രം സന്ദർശിക്കുന്നവർ ചെങ്കൽനിന്നും പാഞ്ചിക്കാട്ട്കടവ് റോഡ്വഴി പഴയകട-കാഞ്ഞിരംകുളം ഭാഗത്ത് എളുപ്പത്തിൽ എത്തിച്ചേരുകയും വിഴിഞ്ഞത്തിനു സമീപമുള്ള ആഴിമല ശിവക്ഷേത്രം സന്ദർശിക്കുകയും അതോടൊപ്പം മറ്റ് തീർത്ഥാടകരും വിനോദ സഞ്ചാരികളും ആഴിമല ശിവക്ഷേത്രം സന്ദർശിച്ചതിനുശേഷം ചെങ്കൽ വഴി കന്യാകുമാരിയിലേക്കും എളുപ്പമാർഗ്ഗമായി പാഞ്ചിക്കാട്ട്കടവ് റോഡാണ് ഉപയോഗിക്കുന്നത്. വളരെയധികം ഇടുങ്ങിയതും തിരക്കേറിയതുമായ പാഞ്ചിക്കാട്ട്കടവ് റോഡ് പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പ്രദേശവാസികൾക്കും, ടൂറിസ്റ്റുകൾക്കും, തീർത്ഥാടകർക്കും വളരെയേറെ പ്രയോജനകരമാകും

## 2.2.പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ ഉൾപ്പെട്ട പ്രധാന സ്ഥലമാണ് പഴയകട പാഞ്ചിക്കാട്ട്കടവ്പാലവും അപ്പോച്ച്റോഡും. സർവ്വേകളുടെയും, പഠനങ്ങളുടെയും അടിസ്ഥാനത്തിൽ പഴയകട പാഞ്ചിക്കാട്ട്കടവ് റോഡ് പ്രായോഗികമാകുന്നതുകൊണ്ട് തദ്ദേശവാസികൾക്കും തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കും സാമ്പത്തികമായും, സാംസ്കാരികമായും, സാമൂഹ്യപരവുമായുള്ള നേട്ടങ്ങളുണ്ടാകും.

## 2.3. പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ:

നിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേ ജിൽ ബ്ലോക്ക് 20ൽ സർവേ നമ്പർ 203, 204, 205, 206, 226 എന്നീ സർവ്വേ നമ്പ രിൽപ്പെട്ട 0.2641 ഹെക്ടർ സ്ഥലമാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്.

## 2.4. പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച് പഠനം:

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി തിരുപുറം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കാലുമുഖം (iv), പഴയകട (V), മണ്ണക്കൽ (vi) എന്നീ മൂന്ന് വാർഡുകളി ലായി പദ്ധതിക്കായി പ്രദേശവാസികളിൽനിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടു ണ്ട്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും ഈപദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

## 2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ:

പാഞ്ചിക്കാട്ടുകടവ് റോഡ് നിർമ്മാണ പദ്ധതിക്കായി തിരുപുറം വില്ലേജിൽ ഉൾപ്പെട്ടതും കാലുമുഖം, പഴയകട, മണ്ണക്കല്ല് എന്നീ വാർഡുകളിൽനിന്ന് 0.2641 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നത് കളക്ട്രേറ്റിലെ ബഹു. അഡീഷണൽ എൽ. എ. യൂണിറ്റ് സ്പെഷ്യൽ തഹസീൽദാരാണ്. അടിസ്ഥാനസൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ സ്ഥാപിക്കേണ്ടതാ ണ്.

## 2.6. അനുബന്ധ ഭൗതീക സാഹചര്യങ്ങളുടെ ആവശ്യകത:

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ചില ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

കുടിവെള്ള പൈപ്പുകളുടെ പുനഃക്രമീകരണം, വൈദ്യുതിയുമായി ബന്ധപ്പെട്ട പുനഃ ക്രമീകരണം. ഒരു പൊതുടാപ്പ്, വൈദ്യുത പോസ്റ്റുകൾ എന്നിവ മാറ്റിസ്ഥാപിക്കേണ്ടതുണ്ട്.. കൂടാതെ കുടിവെള്ള സ്രോതസ്സ് പുനസ്ഥാപിക്കേണ്ട തുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാ ക്കാനും കഴിയും.

## 2.7. തൊഴിലാളികളുടെ ആവശ്യകത:

നിർദ്ദിഷ്ട പദ്ധതിയുടെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. തൊഴിലാളികൾ മുതൽ പദ്ധതി പൂർത്തീകരി ക്കുന്നവരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും മാനവശേഷിയുടെ വിന്യാസവും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണ ത്തിനുവേണ്ടി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

## 2.8. മുൻപ് നടത്തിയ പഠനങ്ങൾ:

പാഞ്ചിക്കാട്ടുകടവ് റോഡ് നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് മുൻപ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായും പദ്ധതി പ്രദേശത്തെ ചില വ്യക്തികൾ തടസ്സം സൃഷ്ടിച്ചതുകാരണം പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടതായും എസ്. ഐ. എ. എസ്. സ്റ്റഡി യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രദേശവാസിക ളിൽ ചിലരുടെ എതിർപ്പും മറ്റുചിലരുടെ അനാസ്ഥയും കാരണം പദ്ധതി നടക്കാ

തെപോയി. പദ്ധതിയുടെ വികസന കാഴ്ചപ്പാട് പ്രദേശവാസികളെ ബോദ്ധ്യപ്പെ ടുത്തിയപ്പോൾ ഇങ്ങോട്ട് വന്ന് സഹകരിക്കുന്ന പ്രവണത ഉണ്ടായി. ഈ പ്രവ ണത ഐ. ആർ. ഡി. എസ്. ഐ.എ സ്റ്റഡി ടീമിന്റെ പ്രവർത്തനമികവായി കണ ക്കാക്കുന്നു.

## 2.9. ഉപയുക്തമായ നയങ്ങളും നിയമങ്ങളും:

പാഞ്ചിക്കാട്ടുകടവ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനഃസ്ഥാപനം എന്നീ പ്രക്രിയകളിൽ താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

1. 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും,പുനരധിവാസാത്തിനും, പുനഃസ്ഥാപനത്തി നുമുള്ള അവകാശനിയമം.
2. 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും, സുതാര്യതക്കും,പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.
3. 17-10-2015-ലെ 36253 ബി1/2014 ആർ.ഡി. നമ്പർ സർക്കാർ പരിപത്രം.
4. തുടർന്നുള്ള സർക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.
5. അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

## അദ്ധ്യായം - 3
## വിശദമായ പദ്ധതി വിവരണം

### 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

***3.1. പശ്ചാത്തലം :***

**"പൊന്നുംവില - പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് - ഭൂമി ഏറ്റെടുക്കൽ പദ്ധതി"**

പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് നിർമ്മാണം സംബന്ധിച്ച് ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബഹുമാനപ്പെട്ട ജില്ലാഭരണകൂടം 2021 ഒക്ടോബർ 8 ലെ 2959-ാം നമ്പർ അസാധാണ ഗസറ്റിലൂടെ ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂവുടമകളുടെയും, കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടെയും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്.ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, എന്നിവ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് (Focal Group Discussion) വിവരങ്ങളും, അഭിപ്രായങ്ങളും, ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2. **സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ, പഠനവും നിർവ്വഹണ പ്ലാൻ തയ്യാറാക്കലും:**

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയതു ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി

പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേഅവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.

- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.

- 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.

- വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.

- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ.

- തിരുവനന്തപുരം കളക്ട്രേറ്റിലെ ബഹു. സ്പെഷ്യൽ തഹസീൽദാർ, അഡിഷണൽ എൽ. എ. യൂണിറ്റിന്റെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും എസ്. ഐ. എ. സ്റ്റഡി ടീമിന്റെയും കൂട്ടായ്മയോടുകൂടിയുള്ള പദ്ധതി പ്രദേശ സന്ദർശനം.

- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായും, ജനപ്രതിനിധികളുമായും, പ്രദേശത്തെ സാമൂഹിക സാംസ്‌കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയവും.

- ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടേയും, വസ്തുവകകളുടെയും, കണക്കെടുപ്പും വിവരശേഖരണവും.

- സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.

- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള ചർച്ചയും അഭിപ്രായ സ്വരൂപണങ്ങളും.

- പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.

- സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

### 3.3. എസ്.ഐ.എ. സ്റ്റഡി ടീം.

എസ്.ഐ.എ. സ്റ്റഡി ടീം ലീഡറായ ശ്രീ.എസ്. സോമൻ (റിട്ട. ഡെ. തഹസീൽദാർ) നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെയിലൂടെ വിവരശേഖരണം, ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കിയത് പ്രോഗ്രാം കോർഡിനേറ്റർ ശ്രീമതി. ദീപാകുമാരി S.S. കഴിഞ്ഞ 25 വർഷത്തിലധികമായി സാമൂഹിക പ്രവർത്തന രംഗത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്ന I.R.D. (Institution for Rural Development) എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ ശ്രീ. സി. ബാലചന്ദ്രനാണ് സംഘത്തെ നയിക്കുന്നത്.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുളള ചുമതലകൾ |
|---|---|---|
| സി.ബാലചന്ദ്രൻ | പ്രൊജക്ട് ഡയറക്ടർ | പദ്ധതി തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| ജിസ്സ് സേവ്യർ | പ്രൊജക്റ്റ് മാനേജർ | കരട് റിപ്പോർട്ട്, വെബ്സൈറ്റ് പ്രസിദ്ധീകരിക്കൽ |
| എസ്. സോമൻ | റിട്ട. ഡെ. തഹസീൽദാർ പ്രോഗ്രാം ലീഡർ | സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ. കളക്ട്രേറ്റിൽനിന്നും, ബന്ധപ്പെട്ടവിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ആധികാരിക രേഖകൾ ശേഖരിക്കൽ |
| ദീപാകുമാരി.എസ്.എസ് | പ്രോഗ്രാം കോ-ഓർഡിനേറ്റർ | പ്രാഥമിക വിവരശേഖരണവും ക്രോഡീകരണവും, പൊതുജന സമ്പർക്ക യോഗ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ. |
| എസ്. ശൈലജകുമാരി | | ഡോക്കുമെന്റേഷൻ |

### 3.4. ദ്വിതീയ വിവരശേഖരണം:

പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് നിർമ്മാണപദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമിയിലെ ആൾക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ ഓരോ വ്യക്തികളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊളളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ പല പ്രാവശ്യം ചർച്ചചെയ്യുകയും ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്നു ബോധ്യപ്പെടുകയും ചെയ്തിട്ടുളളതാണ്. ആഘാതബാധിതമായ പ്രദേശത്തെ

ഭൗതീക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

## 3.5. പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും:

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതി വിവര ശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും നേരിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 ജനുവരി 12-ാം തീയതി അന്തിമമായി പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 3.6. സാമൂഹ്യസാമ്പത്തിക വിവര ശേഖരണം:

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിലെ ബ്ലോക്ക് 20ൽപെട്ടതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹ്യ, സാമ്പത്തിക സ്ഥിതി വിവരശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സ്ഥാപനങ്ങളുടെയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ ഭൂവിസ്തൃതി, സർവ്വെ നമ്പർ, തണ്ടപ്പേര് നമ്പർ എന്നിങ്ങനെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട തിരുപുറം വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കാത്തതിനാൽ റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്ന തിന് കാലതാമസം വന്നു. മേൽ സൂചിപ്പിച്ച രേഖകൾ അടങ്ങിയ വിവരങ്ങൾ

നൽകുന്നതിന് തിരുപുറം വില്ലേജ് ഓഫീസറും സഹപ്രവർത്തകരും സമയോചിത മായി ഇടപെടുകയോ സഹകരിക്കുകയോ ചെയ്യാതിരുന്നതും റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്നതിന് തടസമായി. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ഖേശരിച്ചതിനു പ്രാദേശിക തലത്തിൽ സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു. ആഘാതബാധിതരായ വ്യക്തികളെ നേരിട്ടുകണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

### 3.7. സ്ഥിതിവിവരണ ക്രോഡീകരണവും പരിശോധനയും:

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

### 3.8. സ്ഥിതി വിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും:

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത്, അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിനു ഉപയോഗിക്കുകയും ചെയ്തു.

# അദ്ധ്യായം - 4

## ഭൂനിർണ്ണയം

**ആമുഖം :**

പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് നിർമ്മാണം സംബന്ധിച്ച് ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും, സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ ജനുവരി മാസം രണ്ടാം വാരത്തിൽ പൂർത്തീകരിക്കുകയും, ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും, ജീവനോപാധിയും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സ്ഥിതിവിവര കണക്കെടുപ്പ് സഹായകമായി.


**4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം :**

പദ്ധതിക്കായി മൊത്തം 26 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 41 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള (43 വസ്തുവകകൾ) യാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നടപ്പിൽ വരുന്നതിലൂടെ 12 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, ജലസ്രോതസ്സുകൾ, ഒരു വീടിന്റെ പകുതിഭാഗം, (വി. രാമചന്ദ്രൻ നായർ, ഗിരിജാ കുമാരി. ജെ, ശ്രീമന്ദിരം, പഴയകട, തിരുപുറം പി. ഒ, നെയ്യാറ്റിൻകര, വീട്ട് നമ്പർ 5/434 (312), സർവ്വേ നമ്പർ 206/22), മറ്റൊരു വീടിന്റെ കുറച്ചുഭാഗം എന്നിവയും ആഘാതമേൽക്കുന്നു.


പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക :

| No. | Use of land | Count | Percentage |
|---|---|---|---|
| 1. | Residential | 21 | 49 |
| 2. | Road | 2 | 5 |
| 3. | Commercial & Industrial | 12 | 28 |
| 4. | Vacant Plot | 8 | 18 |




4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ :


CHENGAL PANCHAYATH
THIRUPURAM PANCHAYATH
NEYYAR RIVER
NEYYATINKARA
KANJIRAMKULAM
PAZHAYAKADA JN.
POOVAR
UDIYANKULANGARA
VLANTHANKARA
POOZHIKUNNU
Land to be acquired
Land already acquired
ASSISTANT ENGINEER
PWD Bridges Section No:1
Thiruvananthapuram.
Assistant Executive Engineer
Bridges Sub Division (PWD)
Thiruvananthapuram-4
ASSISTANT ENGINEER
BRIDGES SECTION No. 1
TRIVANDRUM
PRABALA CHANDRAN. S
Assistant Executive Engineer
Bridges Sub Division (PWD)
Thiruvananthapuram-4
C.K. RAJENDRA BABU
Executive Engineer
PWD Roads Division
Thiruvananthapuram
SITE AT PANCHIKATTUKA
ACQUISITION PROPOSAL DRAWING
SCALE: NOT TO SACLE

## 4.3. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി:

പാഞ്ചിക്കാട്ടുകടവ് പാലവും അപ്രോച്ച്റോഡ് നിർമ്മാണത്തിന്റെ ഭാഗമായി തിരുപുറം വില്ലേജിലെ ബ്ലോക്ക് 20ൽപ്പെട്ട 26 ആർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. പദ്ധതി പ്രദേശത്ത് മുഴുവൻ ഭൂമിയും സ്വകാര്യവ്യക്തി കളുടെതാണ്.

| Land Ownership | Count | Percentage |
|---|---|---|
| Private | 40 | 100% |
| Government | 0 | 0 |
| NSS  Karayogam | 1 | 3% |




## 4.4. പൊതു സ്ഥലത്തിന്റെ ഉപയോഗം

പൊതുസ്ഥലം ഉപയോഗിക്കുന്നില്ല.

## 4.5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി :

നിർദ്ദിഷ്ട പദ്ധതിക്കായി നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

4.6. **ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവു സംബന്ധിച്ച വിവരങ്ങൾ:**

നിർദ്ദിഷ്ട പദ്ധതിയ്ക്കായി തിരുപുറം വില്ലേജിലെ ബ്ലോക്ക് 20ൽപ്പെട്ട 26 ആർ പുരയിടമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഭൂരിഭാഗവും സ്വകാര്യ ഉടമകളുടെയും എൻ. എസ്. എസ്. കരയോഗത്തിന്റെ ഒരു ഒരു കട സ്ഥിതിചെയ്യുന്ന സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ഏറ്റെടുക്കുന്ന കരപ്രദേശം സ്വകാര്യ വ്യക്തികളുടെതാണ്. അതിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങൾ, മരങ്ങൾ എന്നിവയെ പദ്ധതി ബാധിക്കുന്നുണ്ട്. തരം തിരിച്ചുളള വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.

| **നമ്പർ** | **കൈവശക്കാരന്റെ പേര്** | **മരങ്ങളുടെ എണ്ണം** |
|---|---|---|
| 1 | രവീന്ദ്രൻ .റ്റി | തെങ്ങ് - വലുത് 2 |
| 2 | രവീന്ദ്രൻ | തെങ്ങ് - വലുത് 1 |
| 3 | ഡോ. രാധാകൃഷ്ണൻ | തെങ്ങ് - വലുത് 7, ചെറുത് -2 |
| 4 | ശ്രീകുമാർ .എൽ | തെങ്ങ് - ഇടത്തരം 3, പ്ലാവ് ചെറുത് 2, മാവ് - 1, പേര - 1 |
| 5 | സാബു .സി,<br>കുമാരി ജയന്തി എസ്. റ്റി | തെങ്ങ് - വലുത് 1, ചെറുത് - 1,<br>പ്ലാവ് - ചെറുത് 2, മാവ് - 1 |
| 6 | ജസ്റ്റിൻസ്റ്റാൻലി.കെ. എസ്,<br>ഫ്ളൈഡാസെൻ ജസ്റ്റിൻ സ്റ്റാൻലി | മാവ് - വലുത് 1, തെങ്ങ് - വലുത് 1 |
| 7 | മായ | തെങ്ങ് - ചെറുത് 2, മാവ് - 1,<br>കവുങ്ങ് - 2 |
| 8 | ശരണ്യ എം. നായർ | തെങ്ങ് - വലുത് 1, അയണി - 1<br>ദേവദാരം - 1 |
| 9 | അനിൽകുമാർ എ. എൽ | പ്ലാവ് ചെറുത് 1, വലുത് 1, തെങ്ങ് - ചെറുത് 2, ചീലാന്തി ചെറുത് 6, തേക്ക് ചെറുത് 1, പെരുമരം 2, മാവ് - വലുത് 1, ചെറുത് 2 |
| 10 | ക്രിസ്റ്റി എച്ച്. ആർ | തെങ്ങ് - വലുത് 1, മാവ് ചെറുത് 1 |
| 11 | സുരേഷ് ലിജിത | തെങ്ങ് - വലുത് 2, ചെറുത് 1, പ്ലാവ് വലുത് 3 |
| 12 | ലക്ഷ്മിപ്രിയ | മാവ് ചെറുത് 2 |
| 13 | മണികണ്ഠൻ നായരഢ | തെങ്ങ് 3 |

| | | |
|---|---|---|
| 14 | ശ്രീലത കെ. എസ് | തെങ്ങ് വലുത് 1, പ്ലാവ് ചെറുത് 1, പെരുമരം 2 |
| 15 | വത്സലകുമാർ | തെങ്ങ് 1, സപ്പോട്ട 1 |
| 16 | ഹേമ നായർ | തെങ്ങ് 1 |
| 17 | ശാന്തകുമാരി അമ്മ | തെങ്ങ് വലുത് 1 |
| 18 | മഞ്ജുഷ | തെങ്ങ് 1, പെരുമരം 3, മാവ് ചെറുത് 1 |
| 19 | രാജേഷ്കുമാർ എസ്. ആർ | മഹാഗണി 2, പെരുമരം 1, പുളിമരം 1, പ്ലാവ് 2, കമുക് ചെറുത് 1, തെങ്ങ് ചെറുത് 2 |
| 20 | അനിൽകുമാർ | തെങ്ങ് 4, പെരുമരം 4, ആഞ്ഞിൽ വലുത് 2 |
| 21 | വേണുഗോപാലൻ നായർ<br>നിർമ്മല ദേവി | തെങ്ങ് ചെറുത് 1, വലുത് 2 |
| 22 | മാതംഗി അമ്മ | തെങ്ങ് വലുത് 2, പ്ലാവ് 1 |
| 23 | പുഷ്പാകരൻ | തെങ്ങ് 2 |
| 24 | ഡോ. തങ്കരാജൻ | തെങ്ങ് വലുത് 5 |
| 25 | കൃഷ്ണകുമാരി | തെങ്ങ് വലുത് 7 തെങ്ങ് ചെറുത് 3, ആഞ്ഞിൽ വലുത് 3, മഹാഗണി വലുത് 10, തേക്ക് വലുത് 2, പ്ലാവ് വലുത് 1, പെരുമരം 17 |
| | ആകെ | തെങ്ങ് വലുത് 52<br>തെങ്ങ് ചെറുത് 17<br>പ്ലാവ് 14<br>മാവ് 10<br>പേര 1<br>കവുങ്ങ് 3<br>അയണി 6<br>ദേവദാരം 1<br>ചീലാന്തി 6<br>തേക്ക് 3<br>പെരുമരം 31<br>സപ്പോട്ട 1<br>മഹാഗണി 12<br>പുളിമരം 1 |

## 4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ:

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത ഭൂമി കൈവശ അവകാശമായി അനുഭവിച്ചു വരുന്നവരാണ്.

## അദ്ധ്യായം - 5

## മൂല്യനിർണ്ണയവും വിശകലനവും

### 5.1. ആമുഖം:

ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്ക് പ്രത്യക്ഷവും പരോക്ഷവുമായുള്ള നഷ്ടങ്ങളുടെ കണക്കെടുപ്പിനെയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഇവരുടെ വീടും വസ്തുക്കളും ഏറ്റെടുക്കുന്നതോടുകൂടി വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നഷ്ടപ്പെടുകയും ഉപജീവനം നടത്തിയിരുന്നവർക്ക് മറ്റ് പ്രദേശങ്ങളിൽ മാറിതാമസിക്കേണ്ടിവരുന്നതിനാൽ അവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നു.

### 5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്:

പദ്ധതി നടപ്പിലാക്കപ്പെടുന്നതോടുകൂടി 31 കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നു. 12 വാണിജ്യവ്യവസായ സ്ഥാപനങ്ങളിൽ 5 എണ്ണം പൂർണ്ണമായും 7 എണ്ണം ഭാഗികമായും ബാധിക്കപ്പെടുന്നു.

### 5.3. പരോക്ഷമായി ബാധിക്കപ്പെട്ടത്:

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നത് പാഞ്ചിക്കാട്ട് കടവ് റോഡിലെ ഇരുവശത്തുമായി താമസിക്കുന്ന സ്ഥിരതാമസക്കാരായ 31 കുടുംബങ്ങളെയാണ്.

### 5.4. ബാധിത കുടുംബങ്ങൾ:

5 വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പൂർണ്ണമായും, 7 എണ്ണം ഭാഗികമായും നഷ്ടപ്പെടുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമകളുടെ പേര് | | സർവ്വേ നമ്പർ |
|---|---|---|---|
| 1 | മോഹനകുമാർ പി. കെ<br>സ്റ്റുഡിയോ - ഹിന്ദുസ്ഥാൻ ഫോട്ടോസ് & വീഡിയോസ് | ഭാഗികമായി | 203/21-1 |
| 2 | മോഹൻകുമാർ ചന്ദ്രൻ<br>എസ്. എം. പെയിൻ | പൂർണ്ണമായി | 203/21-4, 41 |
| 3 | മോഹൻകുമാർ ചന്ദ്രൻ<br>ടെയിലർ ഷോപ്പ | പൂർണ്ണമായി | 203/21-4, 41<br>എ/8-227/2017-18 (53) |
| 4 | ഗിരീഷ്കുമാർ കെ. എം.<br>കാത്തു സ്റ്റോർ | ഭാഗികമായി | 203/21 |
| 5 | ഷാജി .ആർ<br>ചിക്കൻ സ്റ്റാൾ | കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ കാണുന്നു | 203/22-1 |
| 6 | അഞ്ചു ജെ. എസ്<br>വൈശാഖ് ബാക്കറി<br>തിരുപുറം, റ്റി. പി. വി./266 എ | പൂർണ്ണമായി | 226/2-7<br>License No.<br>A 82345/2021-22 (1) |
| 7 | ബാബുചന്ദ്രനാഥ്<br>സെക്രട്ടറി, നീലകണ്ഠപിള്ള മെമ്മോറിയൽ<br>എൻ. എസ്. എസ്. കരയോഗം<br>ജഗദം സ്റ്റോർ | പൂർണ്ണമായി | കെട്ടിട നമ്പർ<br>A 4962098 |
| 8 | സരോജിനി അമ്മ<br>നാരയണ സ്റ്റോർ | പൂർണ്ണമായി | 206/21-1,21-2 |
| 9 | ഷാജി .ആർ<br>ഷൈലജ എ. എസ്.<br>ബിന്ദു ഹോട്ടൽ | ഭാഗികമായി | 226/2-1,<br>226/2-6-1 |
| 10 | രവീന്ദ്രൻ .റ്റി.<br>ഫർണിച്ചർ ഷോപ്പ് (ചാത്തിനാർ ഫർണിച്ചർമാർട്ട്) | ഭാഗികമായി | 226/12-5, 11-3 |
| 11 | പ്രശോഭ് കെ. സത്യരാജ്<br>അപ്പു സ്റ്റോർ | ഭാഗികമായി | 177/10-2, 10-3, |
| 12 | കെ. രവീന്ദ്രൻ നായർ<br>വെൽഡിംഗ് ഷോപ്പ് (നാഷണൽ എൻജിനിയറിംഗ് വർക്ക്സ്) | ഭാഗികമായി | 226/12-1 |

## 5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും:

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമകളുടെ താമസ സൗകര്യം ഭാഗികമായി നഷ്ടപ്പെടുന്നു. എന്നാൽ വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം പൂർണ്ണമായും നഷ്ടപ്പെടുന്നു.

### ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവരുടെ പേര് വിവരങ്ങൾ

| നമ്പർ | പേര് | ഉപജീവനമാർഗ്ഗം |
|---|---|---|
| 1 | മോഹനകുമാർ പി. കെ<br>സുനിത പി. എസ് | - ഹിന്ദുസ്ഥാൻ ഫോട്ടോസ് & വീഡിയോസ് |
| 2 | മോഹൻകുമാർ ചന്ദ്രൻ .സി<br>ശശികല എസ്. വി | എസ്. എം. പെയിന്റ്സ് |
| 3 | ദാനം | ടെയിലർ ഷോപ്പ് |
| 4 | സുരേഷ്കുമാർ<br>നിർമ്മല | കാത്തു സ്റ്റോർ |
| 5 | ഷാജി .ആർ<br>സജികുമാർ എസ്. ആർ | ചിക്കൻ സ്റ്റാൾ |
| 6 | സുകുമാരൻ നായർ<br>പത്മകുമാരി<br>ലിതിൻ<br>നന്ദു | വൈശാഖ് ബേക്കറി |
| 7 | സതീശൻ നായർ | ജഗദം സ്റ്റോർ |
| 8 | നാരായണൻ നായർ<br>ഗരോജിനി അമ്മ | നാരയണ സ്റ്റോർ |
| 9 | രാജയ്യൻ റ്റി.<br>കമലം .എം<br>ഷാജി .ആർ<br>സജികുമാർ .എസ്<br>അഗസ്ത്യൻ<br>ചന്ദ്രൻ<br>ശൈലജ എ. എസ്<br>ലതിക | ബിന്ദു ഹോട്ടൽ |
| 10 | രവീന്ദ്രൻ .റ്റി<br>തങ്കപ്പൻ .സി<br>കൃഷ്ണൻ .റ്റി | ചാത്തിനാർ ഫർണിച്ചർ മാർട്ട് |
| 11 | സി. എം. രാജം<br>പ്രശോഭ് കെ. സത്യരാജ് | അപ്പു സ്റ്റോർ |
| 12 | കെ. രവീന്ദ്രൻ നായർ<br>ആദർശ് രവി<br>അഖീൽ രവി | വെൽഡിംഗ് ഷോപ്പ് |

മുഴുവനായും ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന തൊഴിലാളികൾക്കും കുടുംബ ങ്ങൾക്കും ബദൽ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് റിപ്പോർട്ട്, ഗവൺമെന്റി നോട് ശുപാർശചെയ്യുന്നു.

## അധികമായി ലഭിച്ച വിവരങ്ങൾ

- ജഗദം സ്റ്റോർ - പുത്തൻവീട് കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്ഥു വഴിയമ്പലമായിരുന്നു. കോടതി വിധിയിൽകൂടി ഒരു കുടുംബാംഗത്തിന് എൻ. എസ്. എസ്. കരയോഗത്തിന്റെ പേരിൽ തിരികെ ലഭിക്കുകയും അവിടെ കരയോഗം വക ഒരു കടമുറി പണിയുകയും ചെയ്തു പ്രവർത്തന മാരംഭിച്ചു. എന്നാൽ കരയോഗത്തിന്റെ ഹഡ്കോ കമ്മിറ്റി രണ്ടായി പിരി ഞ്ഞതുകാരണം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതാ യറിഞ്ഞു. കെട്ടിടം കരയോഗം വാടകയ്ക്ക് കൊടുത്തിരിക്കുന്നു.

- പാഞ്ചിക്കാട്ട് കടവ് റോഡ് അവസാനിക്കുന്നതിന്റെ തൊട്ടുമുമ്പായി ഒരു തുറസ്സായ സ്ഥലം നെയ്യാറ്റിൻകരയിലെ പ്രസിദ്ധനായ ഡോക്ടർ തങ്ക രാജിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന വസ്തു പദ്ധതിക്കുവേണ്ടി ഭാഗിക മായി ഏറ്റെടുക്കേണ്ടിവരുന്നു. ഈ ഡോക്ടർ മരണപ്പെടുകയും മക്കൾ, മരു മക്കൾ. ചെറുമക്കൾ തുടങ്ങി 18 പേരുടെ ഉടമസ്ഥ അവകാശം സംബന്ധിച്ച് കേസ് നടക്കുന്നുണ്ട്. ഭൂരിഭാഗംപേരും വിദേശത്താണെന്നും അറിഞ്ഞു. വിവരം അറിയിച്ചിട്ടുള്ളതാണ്.

- റിപ്പോർട്ടിൽ Sr.No. 40 ഡോ. തങ്കരാജ് എന്നപേരിൽ ശ്രീമതി ശാന്തകുമാരി യുടെയും ഉടമസ്ഥതയിൽ ഇള്ള റീസർവ്വേ നമ്പർ 205/11 ൽപെട്ട 0.94 ആർ വസ്തു അറ്റാച്ച് ചെയ്യാൻ പേപ്പർ വന്നിട്ടുള്ളതായും നിലവിൽ ഡോ. തങ്ക രാജ്. ഡോ. ശിവരാജ്, ശ്രീമതി ശാന്തകുമാരി, ശ്രീമതി റോസമ്മ മുതൽപേ രുടെ പേരിൽ കരംതീർത്ത് ഉപയോഗിച്ചുവരുന്നതും എന്നാൽ ഡോ. തങ്ക രാജ്. ഡോ. ശിവരാജ്, ശ്രീമതി റോസമ്മ എന്നിവർ രമിച്ചിട്ടുള്ളതും സഹോദരങ്ങൾക്കിടയിൽ സ്ഥലം പാർട്ടീഷൻ ചെയ്യാത്ത സാഹചര്യത്തിൽ നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ OS300941/17 നൽകിയിട്ടുള്ളതുമാ കുന്നു എന്നറിഞ്ഞു.

## അദ്ധ്യായം - 6

## സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 41 സ്വകാര്യ ഭൂവുടമകളുടെ ഭൂമിയാണുള്ളത്. സ്വകാര്യ വ്യക്തികൾ എല്ലാംതന്നെ വിവിധ ജാതി മതങ്ങളിൽ ഉൾപ്പെട്ടവരാണ്. ഭൂവുടമകൾ എ.പി.എൽ. വിഭാഗത്തിലും ബി. പി. എൽ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്.

| Sr. No. | Name | A.P.L. | B.P.L. | Others |
|---|---|---|---|---|
| 1 | മോഹനകുമാർ പി. കെ<br>നാങ്കിനകത്ത് പുത്തൻവീട്<br>അരുമാനൂർ, പൂവാർ പി. ഒ | ✓ | | |
| 2 | മോഹൻകുമാർ ചന്ദ്രൻ<br>ഉഷസ്, പഴയകട, തിരുപുറം പി. ഒ | | | ✓ |
| 3 | ഗിരീഷ്കുമാർ കെ. എം<br>മാധവം, കഞ്ചാംപഴിഞ്ഞി,<br>തിരുപുറം പി. ഒ. | | | ✓ |
| 4 | ഗോപകുമാർ എസ്<br>വടക്കേവീട്, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 5 | ഷാജി .ആർ<br>വൈഷ്ണവം, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 6 | ഡോ. രാധാകൃഷ്ണൻ<br>ചെല്ലൻനാടാർ<br>ചമ്പയിൽ ഉഷസിൽ എൻ. എം. സി.<br>/15/486, നെയ്യാറ്റിൻകര | | | ✓ |
| 7 | മായ കെ. എൽ<br>അശ്വതി ഭവൻ,, പഴയകട,<br>തിരുപുറം പി. ഒ | ✓ | | |
| 8 | പത്മകുമാരി അമ്മ കെ. എസ് | | | ✓ |


| | | | | |
|---|---|---|---|---|
| | ശ്രീപത്മം, റ്റി.സി. 42/470(1)<br>മുട്ടത്തറ, വള്ളക്കടവ് പി. ഒ.<br>(രഞ്ജനം,പഴയകട,തിരുപുറം പി. ഒ) | | | |
| 9 | ശരണ്യ എം. നായർ<br>ഇന്ദിര ഭവൻ,,പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 10 | വി. വി. വിജി<br>വിപിൻകുമാർ വി. പി.<br>വൈശാഖം, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 11 | സുരേഷ് .ജെ<br>ലിജിതകുമാരി പി. എൽ<br>അരുണോദയം, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 12 | സുരേഷ്കുമാർ ആർ<br>കാട്ടുവിള വീട്, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 13 | വി. എൻ. ഉഷകുമാരി<br>ഉഷസ്, റ്റി. സി, 41/1905, മണക്കാട്<br>എം. ആർ. എ. 11, മണക്കാട് പി. ഒ. | ✓ | | |
| 14 | നിർമ്മലദേവി .എ<br>വേണുഗോപാലൻ നായർ<br>സൗപർണ്ണിക, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 15 | വത്സലകുമാർ കെ. ജി<br>മകം, പഴയകട, തിരുപുറം പി. ഒ | | | ✓ |
| 16 | ശാന്തകുമാരി അമ്മ .കെ<br>പ്രതിഭ, വയലരികത്ത്, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 17 | രോഹിണിഭായി .എം<br>സായികൃഷ്ണ, എസ്. ആർ. എ. 47,<br>റ്റി. സി. 8/54, വഞ്ചിയൂർ പി. ഒ | | | ✓ |
| 18 | കൃഷ്ണകുമാരി .എ<br>മകം, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |

| | | | | |
|---|---|---|---|---|
| 19 | സുനിത .എസ്<br>അനിൽകുമാർ<br>പാഞ്ചിക്കാട് വീട്, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 20 | രാജേഷ്കുമാർ എസ്. ആർ<br>ശൈലവിഹാർ, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 21 | മഞ്ചുഷ. കെ<br>കൃഷ്ണ ഭവൻ, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 22 | ഹേമ നായർ സി<br>ചാത്തിനാറ വീട്<br>പഴയകട, തിരുപുറം പി. ഒ | | | ✓ |
| 23 | മണികണ്ഠൻ നായർ കെ<br>പൂവൻ വീട്<br>പഴയകട, തിരുപുറം പി. ഒ | | ✓ | |
| 24 | ശ്രീലത കെ. എസ്.<br>ഗോകുലം, പഴയകട, തിരുപുറം പി. ഒ | | ✓ | |
| 25 | വി. രാമചന്ദ്രൻ നായർ,<br>ഗിരിജാ കുമാരി ജെ<br>ശ്രീമന്ദിരം, പഴയകട, തിരുപുറം പി. ഒ | | ✓ | |
| 26 | സരോജിനി അമ്മ<br>അറപ്പുരവിള വീട്, പഴയകട,<br>തിരുപുറം പി. ഒ | | ✓ | |
| 27 | ലക്ഷ്മിപ്രിയ എൽ. ബി.<br>അറപ്പുര വീട്, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 28 | ക്രിസ്റ്റി എച്ച്. ആർ<br>ഗ്രീൻവാലി, പഴയകട, തിരുപുറം പി.ഒ | | | ✓ |
| 29 | എ. എൽ. അനിൽകുമാർ<br>എ. എസ്. ഭവൻ, പഴയകട,<br>തിരുപുറം പി. ഒ | ✓ | | |
| 30 | ജസ്റ്റിൻസ്റ്റാൻലി.കെ. എസ്,<br>ഫ്ളൈഡാസെൻ ജസ്റ്റിൻ സ്റ്റാൻലി<br>പേരൂർക്കട ബെൽഹെവൻ, കരകുളം<br>കല്ലയം, | | | ✓ |

| | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | | | |
| 31 | സാബു . സി<br>കുമാരി ജയന്തി .എസ്. റ്റി<br>വിസ്മയ, പഴയകട, തിരുപുറം പി. ഒ | | | ✓ |
| 32 | ശ്രീകുമാർ .എൽ<br>ലില്ലി .കെ<br>എസ്. എൽ സദനം<br>പഴയകട, തിരുപുറം പി. ഒ | | | ✓ |
| 33 | രവീന്ദ്രൻ .റ്റി<br>വെട്ടുവിള വീട്,കീഴംമാകം<br>ചെങ്കൽ പി.ഒ | | | ✓ |
| 34 | ഷാജി .ആർ<br>വൈഷ്ണവം, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 35 | രവീന്ദ്രൻനായർ<br>ശക്തി നിവാസ്, അരങ്ങൽ<br>കിടയറക്കോണം, വെൺപകൽ പി.ഒ | | | ✓ |
| 36 | പുഷ്പാകരൻ .കെ<br>കാർത്തിക, പാലപ്പള്ളിപുരയിടം<br>പഴയകട, തിരുപുറം പി. ഒ | | | ✓ |
| 37 | ഷാജി. ആർ<br>ഷൈലജ .എ. എസ്<br>വൈഷ്ണവം, പഴയകട,<br>തിരുപുറം പി. ഒ | | | ✓ |
| 38 | പ്രശോഭ് കെ. സത്യരാജ്<br>ഓറുപ്ലാൻകാല പുത്തൻവീട്<br>എസ്. ആർ. വില്ല, തിരുപുറത്തൂർ<br>തിരുപുറം പി. ഒ | | | ✓ |
| 39 | അഞ്ചു എസ്. ജെ<br>ശ്രീകണ്ഠവിലാസം, മത്തൻപാല<br>പളുകൽ പി. ഒ | | ✓ | |
| 40 | ഡോ. തങ്കരാജൻ | | | |
| 41 | രാജേഷ്<br>(ഭൂമിയുടെ രേഖകൾ L.A. Collectorate | | | |

| | | | | |
|---|---|---|---|---|
| | ൽ നേരിട്ട് ഹാജരാക്കാമെന്ന് പറഞ്ഞിട്ടുണ്ട്.) | | | |

| No | Social Status | Count |
|---|---|---|
| 1 | APL | 4 |
| 2 | BPL | 5 |
| 3 | OTHERS | 32 |



# അദ്ധ്യായം - 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണപദ്ധതി

### 7.1. ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

പാഞ്ചിക്കാട്ട് കടവ് പാലവും അപ്രോച്ച് റോഡും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണപ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറക്കുന്നതിനോ എസ്.ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കും.

## 7.2. വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

| നിർമ്മാണത്തിനുമുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | ഒീടുകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിവ പൊളിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ | |
| നിർമ്മിതികൾ ഏറ്റെടുക്കൽ | പൊളിക്കപ്പെടുന്ന വീടുകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും സെപ്റ്റിക് ടാങ്കുകളിലെ മാലിന്യങ്ങൾ | |
| | നിർമ്മാണഘട്ടത്തിലെ തൊഴിൽ | നിർമ്മിക്കപ്പെടുന്ന അപ്രോച്ച് റോഡിലൂടെ സുഗമമായി സഞ്ചരിക്കുന്നതിനും നിലവിലുള്ള റോഡുകളുടെ പുനസ്ഥപനത്തിലൂടെ വളരെ വേഗം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നു. |
| | പുറമേ നിന്നുള്ള തൊഴിലാളികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വരുന്നതിലൂടെ തദ്ദേശീയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യപ്രശ്നങ്ങൾക്ക് | |

| | | |
|---|---|---|
| | കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു. മാലിന്യം, ശുചിത്വമില്ലായ്മ, പകർച്ച വ്യാധികൾ എന്നിവയ്ക്കുള്ള സാധ്യതകൾ. | |
| തൊഴിലാളികളുടെയും പരിസരത്ത് താമസിക്കുന്നവരുടെയും അപകടസാധ്യതകളും സുരക്ഷയും | | |

**7.3. ആഘാതബാധിതരുടെ തരം :**

*1 പ്രാഥമിക ആഘാത ബാധിതർ* **:**

ഭൂവുടമസ്ഥർ, കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും ഉടമസ്ഥർ, ജോലിചെയ്യുന്ന തൊഴിലാളികളും അനുബന്ധ ഉദ്യോഗസ്ഥരും സ്റ്റാഫും.

*2. ദ്വിതീയ ആഘാത ബാധിതർ:*

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, വാണിജ്യസ്ഥാപനങ്ങളിൽ ജോലിചെയ്ത് ഉപജീവനം നടത്തുന്നവരും.

***7.4. പൊതുജനങ്ങളുടെ ആശങ്കകൾ:***

***(എ) ആരോഗ്യം:***

പാഞ്ചിക്കാട്ട് കടവ് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുമ്പോൾ ഗതാഗതം തടസ്സപ്പെടുമോ എന്നുള്ള ആശങ്ക.

***(ബി) ശുദ്ധജലം:*** പദ്ധതി പ്രദേശത്ത് കുടിവെള്ളം തടസ്സപ്പെടുമോ എന്നുള്ള ആശങ്ക.

***(സി) മലിനജല നിർമ്മാർജ്ജനം***: വീടുകളും വാണിജ്യസ്ഥാപനങ്ങളും പൊളിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ ആരോഗ്യപ്രശ്**നങ്ങൾ ഉണ്ടാക്കുമോ എന്നുളള ആശങ്ക.**

***(ഇ) വൈദ്യുതി***- നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുമ്പോൾ വൈദ്യുതി വിതരണ പ്രശ്നങ്ങളെ ബാധിക്കുമോ എന്നുളള ആശങ്ക.

***(എഫ്) കുടിവെള്ളം*** - വീടുകളിലേക്ക് നൽകിയിട്ടുള്ള ശുദ്ധജലവിതരണം സമയബന്ധിതമായി പുനസ്ഥാപിച്ചുകിട്ടുമോ എന്ന ആശങ്ക. 2 കിണർ പൂർണ്ണമായും നഷ്ടപ്പെടുന്നു.

***പരിഹാരമാർഗ്ഗം***

മേൽപറഞ്ഞ ആശങ്കകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സമയോചിതമായ ഇടപെടലുകളും കാര്യക്ഷമതയും അനിവാര്യമാണ്.

### *7.5. സാമൂഹിക പ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുളള മാർഗ്ഗങ്ങൾ :*

1. 23-09-2015 - ലെ 485/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമുളള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോള വില ലഭ്യമാക്കുന്നതിനുളള സാഹചര്യം ഒരുക്കുക.
2. 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുളള പുനരധിവാസ, പുനസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.
3. പദ്ധതി ആസൂത്രണ-നിർവ്വഹണ സമയങ്ങളിൽ സർവ്വേപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

### *7.6. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസവ്യവസ്ഥകൾ:*

ആർ. എഫ്. സി. റ്റി. എൽ .എ. ആർ. ആർ. ആക്ട് അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും പനരധിവാസം നടത്തേണ്ടതുമാണ്.

### *7.7. വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ:*

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 41 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ള 43 വസ്തുവകകൾ പ്രത്യക്ഷത്തിൽ ബാധിക്കുന്നു. | 1. 23-09-2015 - ലെ 485/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോള വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യംഒരുക്കുക. |
| 2. | ഉപജീവന സാദ്ധ്യതകൾ നഷ്ടപ്പെടുന്നത് | 12 വാണിജ്യസ്ഥാപനങ്ങളിലായി 32 തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുകയും ഇവരുടെയും ഉപജീവനത്തിന് ഭീഷണി ഉണ്ടാകുന്നു. | 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ളപുനരധിവാസ, പുനഃസ്ഥാപനആനുകൂല്യങ്ങൾ ഉറപ്പാക്കുക. |
| 3. | ഉത്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുത്തുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നിർമ്മാണ പ്രവർത്തികൾ നടക്കുന്നതിനോടൊപ്പം തന്നെ പുനഃസ്ഥാപനവും നടത്തുക. |

| | | | |
|---|---|---|---|
| 4. | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | ശുദ്ധജല വിതരണം, ജലമാലിന്യനിർഗ്ഗമന മാർഗ്ഗങ്ങൾ, വൈദ്യുതി, ടെലഫോൺ കാലുകൾ, വയറുകൾ | |
| 5. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | ചാത്തിനാർ ദേവി ക്ഷേത്രത്തിന്റെ കാണിക്കവഞ്ചി ഒരു സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്. | നിർമ്മാണപ്രവർത്തികൾനടക്കുന്നതിനോടൊപ്പംതന്നെപുനഃസ്ഥാപനവും നടത്തുക. |

## അദ്ധ്യായം - 8

